**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 466**
**10.03.2015 ലെ മറുപടിക്ക്**
**<u>ആസ്തി വികസന ഫണ്ട്</u>**

| ചോദ്യം.<br>ശ്രീ.പി.ടി.എ. റഹീം എം.എൽ.എ | | ഉത്തരം.<br>ശ്രീ. കെ.എം. മാണി (ബഹു. ധന കാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി |
|---|---|---|
| (എ) | പണം ലഭിക്കാൻ കാലതാമസം നേരിടുന്നത് മൂലം ആസ്തി വികസന പദ്ധതിയിൽ ഭരണാനുമതി ലഭിച്ച പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് കരാറുകാർ താല്പര്യംകാണിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഡെപ്പോസിറ്റ് വർക്കുകളുമായി ബന്ധപ്പെട്ട് ചില പ്രവൃത്തികൾ ഏറ്റെടുക്കുന്നതിൽ കരാറുകാർക്ക് ബുദ്ധിമുട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധമായ പ്രയാസങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. |
| (ബി) | എം.എൽ.എ ഫണ്ട് മാതൃകയിൽ ആസ്തി വികസന പദ്ധതി പ്രവൃത്തികൾക്ക് വേഗത്തിൽ പണം ലഭ്യമാക്കാനുള്ള സംവിധാനം ഏർപ്പെടുത്തുമോ? | 11.06.2012 ലെ സ.ഉ.(പി)332/12/ധന പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖ പ്രകാരം ആസ്തി വികസന പദ്ധതിയിൻ കീഴിലുള്ള പ്രവർത്തികളുടെ പുരോഗതിക്കനുസൃതമായി നിർവ്വഹണ വകുപ്പിന്റെ ശുപാർശകളുടെ വെളിച്ചത്തിലാണ് തുക അനുവദിച്ചു നൽകുന്നത്. പൊതുമരാമത്ത്(കെട്ടിടം, റോഡുകൾ) ജലസേചനം, ഹാർബർ എൻജിനീയറിംഗ് എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ആസ്തി വികസന പദ്ധതികളുടെ ബില്ലുകൾ മറ്റു പ്രവർത്തികളുടെ ബില്ലുകൾക്കൊപ്പം സീനിയോരിറ്റിയുടെ അടിസ്ഥാനത്തിലാണ് ഇപ്പോൾ പണം ലഭ്യമാക്കുന്നത്. എം.എൽ.എ ഫണ്ട് മാതൃകയിൽ പണം ലഭ്യമാക്കാനുള്ള സംവിധാനം പരിഗണനയിലില്ല |

**സെക്ഷൻ ഓഫീസർ**